14-ാം കേരള നിയമസഭ

1-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.222 28/6/2016-ൽ മറുപടിയ്ക്ക്

# മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ഡി. സതീശൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.കെ.മുരളീധരൻ | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹിക നീതിയും വകുപ്പ് മന്ത്രി) |
| (എ) മുൻ ഗവൺമെന്റ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തത്; | (എ) കഴിഞ്ഞ സർക്കാർ മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, തിരുവനന്തപുരം, വയനാട് എന്നീ ജില്ലകളിൽ സർക്കാർ മേഖലയിലും, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് സംയുക്ത മേഖലയിലും മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുവാൻ തിരുമാനിച്ചിരുന്നു. എന്നാൽ ഇവിടങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, സ്റ്റാഫ് എന്നിവ ലഭ്യമല്ലാതിരുന്നതിനാൽ പല ജില്ലകളിലും കോളേജുകളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പുതുതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ നടപടി എടുത്തിട്ടുണ്ട്; | (ബി) 8 എണ്ണം. |
| (സി) പുതിയ മെഡിക്കൽ കോളേജുകളിൽ കോഴ്സുകൾ തുടങ്ങാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്? | (സി) പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ മഞ്ചേരി, ഇടുക്കി ജില്ലകളിലെ മെഡിക്കൽ കോളേജുകളിൽ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. അടിസ്ഥന |

സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലും എം.സി.ഐ. അംഗീകാരമില്ലാത്തതിനാലും മറ്റ് കോളേജുകളിൽ കോഴ്സുകൾ തുടങ്ങാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ